



മറുവായന ▸ ലുഖ്മാൻ കരുവാരക്കുണ്ട്

# തടവറകളിൽ തളിർക്കുന്ന വഹാബിസം

**അമേരിക്കയിലെ 105 ജയിലുകളിലുള്ള മുസ്‌ലിം തടവുപുള്ളികളെക്കുറിച്ച് വിശദമായൊരു പഠനം തയാറാക്കുകയുണ്ടായി; 2004ൽ. യുഎസ് ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് നിയോഗിച്ച സെനറ്റർമാരായ ജോൺ കെയിൽ, ചാൾസ് സ്കമർ എന്നവരുടെ നേതൃത്വത്തിൽ സമർപിച്ച ഈ പഠനത്തിൽ ജയിലുകളിലെ വഹാബി ആധിപത്യത്തെക്കുറിച്ച് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണുള്ളത്.**

അമേരിക്കയിലെ കറുത്ത വർഗക്കാരെക്കുറിച്ച് നിരവധി പഠനങ്ങൾ ഇതിനകം പുറത്തുവന്നിട്ടുണ്ട്. ജനനം മുതൽ അവഹേളനത്തിനും അസ്പൃശ്യതക്കും ഇരകളാക്കപ്പെട്ട് ജീവിക്കുന്ന അവരുടെ വേദനകളാണ് പല പുസ്തകങ്ങളും പ്രശ്നവൽകരിക്കുന്നത്. മാൽകം എക്സിന്റെ വിശ്രുതമായ ആത്മകഥയുടെ ആദ്യഭാഗത്ത് കറുത്തവർ അഭിമുഖീകരിക്കുന്ന പാർശ്വവത്കരണത്തിന്റെ ദയനീയമായ ചിത്രങ്ങൾ കണ്ണീരോടെ വരഞ്ഞിട്ടുണ്ട്.

അതിനിടയിലാണ് ആഫ്രോ-അമേരിക്കൻ വംശജരെപ്പറ്റി വ്യത്യസ്തമായൊരു പഠന റിപ്പോർട്ട് ശ്രദ്ധയിൽ പെടുന്നത്. *Black America, Prisons and Radical Islam* എന്ന തലക്കെട്ടിൽ തയാറാക്കിയ ഈ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത് വാഷിംഗ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന Centre for Islamic Pluralism എന്ന സംഘടനയാണ്. കഴിഞ്ഞ ഒരു നൂറ്റാണ്ട് കാലമായി അമേരിക്കയിലെ ആഫ്രോ വംശജരായ മുസ്‌ലിംകൾ അഭിമുഖീകരിക്കുന്ന സാമൂഹികവും മതപരവുമായ പ്രശ്നങ്ങളാണിതിൽ ചർച്ച ചെയ്യുന്നത്. ഒപ്പം അമേരിക്കൻ ജയിലിലേക്കുള്ള വഹാബി നുഴഞ്ഞുകയറ്റത്തെയും അതു വെളിപ്പെടുത്തുന്നുണ്ട്.

ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കൻ നീഗ്രോകൾക്കിടയിൽ ഇസ്‌ലാമിന്റെ പേരിൽ പ്രത്യക്ഷപ്പെട്ട ആദ്യ സംഘടനയാണ് Moorish Science Temple of America. പ്രവാചകത്വം വാദിച്ച് രംഗത്തെത്തിയ നോബ്ൾ ട്രൂ അലി എന്നയാളാണ്

ജയിലുകളിൽ വഹാബി പ്രചാരണത്തിന് നേതൃത്വം നൽകുന്നത് ഫരീദ് ദിൻ ഉമറാണെന്ന് തിരിച്ചറിഞ്ഞതോടെ ഇയാളെ 2003ൽ സ്ഥലം മാറ്റിയിരുന്നു. സഊദിയിൽ നിന്ന് മതപഠനം നടത്തിയ വാരിദിന് പഠനവും പ്രോത്സാഹനവും നൽകുന്നത് സഊദി വഹാബികളാണ്. 2006ൽ നടത്തിയ റെയിഡിൽ ഇയാളുടെ വീട്ടിൽ നിന്ന് അത്യാധുനികമായ 22 കാലിബർ റൈഫിളുകളും മറ്റു ആയുധങ്ങളും പിടിച്ചെടുത്തിരുന്നു. അതേ തുടർന്ന് ഒരു വർഷം വീട്ടുതടങ്കലിലായിരുന്നു.

1913ൽ ഇതിന് തുടക്കം കുറിച്ചത്. സാമൂഹികമായി സ്വത്വപ്രതിസന്ധി നേരിടുന്ന കറുത്ത വർഗക്കാരുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തതിനാൽ തന്നെ എംഎസ്ടിഎ ദ്രുതഗതിയിൽ വളർന്നു.

എംഎസ്ടിഎയിൽ നിന്ന് വേർപിരിഞ്ഞ ഫാർദ് മുഹമ്മദ് എന്നയാളുടെ നേതൃത്വത്തിൽ 1929ൽ രൂപീകരിച്ച പ്രസ്ഥാനമാണ് Nation of Islam. ദൈവത്തിന്റെ ദൂതൻ എന്നുസ്വയം വിശേഷിപ്പിച്ച് ദരിദ്രരായ നീഗ്രോകളെ സ്വാധീനിക്കാനയാൾ തുടക്കത്തിൽ ശ്രമിച്ചത്. 1934ൽ ഫാർദ് മുഹമ്മദ് അപ്രത്യക്ഷമായതിനെത്തുടർന്ന് ശിഷ്യൻ എലീജാ മുഹമ്മദ് എൻഒഐയുടെ നേതൃത്വത്തിലെത്തി.

ജയിലിൽവച്ച് ഏലീജാ മുഹമ്മദിന്റെ സ്വാധീനത്തിൽ മാൽകം എക്സ് എൻഒഐയിൽ എത്തിയതോടെ ആ സംഘടന അതിവേഗം വളർന്നു. കറുത്തവർഗക്കാരുടെ വിമോചകനും മികച്ച പ്രഭാഷകനുമായിരുന്ന മാൽകം കത്തിനിന്ന 1950 മുതൽ 1960 വരെയുള്ള പത്തുവർഷം എൻഒഐയുടെ തീപ്പൊരിക്കാലമായിരുന്നു.

നീഗ്രോ വംശജരുടെ ഇസ്‌ലാം ആശ്ലേഷണത്തിനു കാരണം ജയിലിലെ പ്രബോധന സംരംഭങ്ങളാണ്. ജയിലിൽ നിന്ന് ഇസ്‌ലാം സ്വീകരിച്ച മാൽകം എക്സ് തന്നെയാണതിന് ഒന്നാമത്തെ തെളിവ്. കായികവും ധൈഷണികവുമായ കഴിവുകളുള്ള ഏതാണ്ടെല്ലാ നീഗ്രോകളും അൻപതുകളിൽ ജയിൽവാസം അനുഷ്ഠിച്ചിരുന്നു. അവരെ സ്വാധീനിക്കാൻ പ്രത്യേക പരിശീലനം നൽകി ധാരാളം ആളുകളെ എലീജാ മുഹമ്മദ് നിയോഗിച്ചിരുന്നു; അമേരിക്കൻ ജയിലുകളിലേക്ക്.

1964ൽ നടത്തിയ പ്രസിദ്ധമായ ഹജ്ജ് യാത്രയെ തുടർന്ന് മാൽകം എൻഒഐ വിട്ട് സുന്നിയായി. 1965ൽ അദ്ദേഹം കൊല്ലപ്പെടുകയും ചെയ്തു. മാൽക്കം എക്സിന്റെ വധം നീഗ്രോ മുസ്‌ലിംകളുടെ പരിവർത്തനത്തിന്റെ ഘട്ടമായിരുന്നു. പലരും എൻഐഒ വിട്ട് സുന്നികളായി മാറി. എലീജാ മുഹമ്മദിന്റെ പ്രസ്ഥാനത്തിന്റെ ദൗർബല്യങ്ങളും അപകടങ്ങളും മരണത്തിനു മുമ്പുള്ള നാളുകളിൽ മാൽകം അവരെ ബോധ്യപ്പെടുത്തിയിരുന്നു.

അറുപതുകളുടെ അവസാനങ്ങളിലാണ് സഊദി വഹാബിസം ആഫ്രോ അമേരിക്കൻ വംശങ്ങളിലേക്ക് നുഴഞ്ഞുകയറ്റം തുടങ്ങുന്നത്. ന്യൂയോർക്കിൽ ജനിച്ച സിറാജ് വഹാബ് എന്ന വ്യക്തിയായിരുന്നു നേതൃത്വം. നിരവധി ഭീകരാക്രമണങ്ങളുടെ ആസൂത്രകനായ ഇയാൾ സഊദി പെട്രോഡോളറിന്റെ ബലത്തിൽ പ്രവർത്തിക്കുന്ന ഇസ്‌ലാമിക് സൊസൈറ്റി ഓഫ് നോർത്ത് അമേരിക്കയുടെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമുനുമായി ബന്ധം പുലർത്തുന്ന മുസ്‌ലിം അമേരിക്കൻ സൊസൈറ്റിയും രംഗത്തു വരുന്നത് ഇതേ കാലയളവിൽ തന്നെയാണ്. ബെയിന്റ് ബാൾ ജിഹാദ് ഗൂഢാലോചനയിൽ പങ്കാളിയാണെന്ന് നിസ്സംശയം തെളിയിക്കപ്പെട്ടിട്ടുള്ള മഹ്ദിബ്രേയായിരുന്നു. ഇവർക്ക് നേതൃത്വം നൽകുന്നത്.

എന്നാൽ ജയിലിൽ നേതൃത്വം മറ്റൊരാൾക്കായിരുന്നു; ന്യൂയോർക്ക് ജയിലിൽ പ്രവേശിപ്പിക്കപ്പെട്ട വാരിദ് ദീൻ ഉമറിന്. ഇയാളാണ് കറുത്ത വർഗങ്ങൾക്കിടയിലേക്ക് വഹാബി തിസീസുകൾ പ്രചരിപ്പിക്കാൻ പ്രധാനമായും ചുക്കാൻപിടിച്ചത്. 2001ൽ വേൾഡ് ട്രേഡ്സെന്റർ തകർക്കപ്പെട്ട സമയത്ത് സംഭവത്തിന് നേതൃത്വം നൽകിയവരെ അനുകൂലിച്ചും ആശീർവദിച്ചും ഇയാൾ പരസ്യ പ്രസ്താവന നടത്തിയിരുന്നു.

യു എസ് ജയിലുകളിൽ പെരുകിക്കൊണ്ടിരുന്ന വഹാബികൾ ഏറെ ശത്രുതയോടെ വീക്ഷിക്കുന്നത് അവിടെയുള്ള സുന്നി-ശിയാ വിശ്വാസികളെയാണ്. ജുമുഅ പോലുള്ള ആരാധനകൾ വഹാബി വിശ്വാസങ്ങൾ അനുസരിച്ച് മാത്രമേ നടത്താൻ പാടുള്ളു എന്നവർ ശാസനയിറക്കുന്നു. ഇതിൽ സഹികെട്ട ഒരു ശിയാ ജയിൽപുള്ളി 2003ൽ ന്യൂയോർക്ക് കോടതിയിൽ പരാതിപ്പെട്ടു. ജയിലിലെ അവസ്ഥ വിശദമായി അന്വേഷിച്ച കോടതി വഹാബീഗ്രൂപ്പുകളെ നിശിതമായി വിമർശിച്ച് പ്രസ്താവനയിറക്കിയതിങ്ങനെയാണ്: “യു എസ് ജയിലുകളിൽ ഭീതിദമാം വിധം വഹാബി അധിനിവേശം തുടർന്നു കൊണ്ടിരിക്കുകയാണ്. അവർ അനുശാസിക്കുന്ന തിയോളജി അംഗീകരിക്കാത്തവരെ മുഴുവൻ ശത്രുക്കളായിക്കണ്ട് വെറുപ്പും വിദ്വേഷവും നിറഞ്ഞ മനസ്സോടെയാണ് പെരുമാറുന്നത്.”

ജയിലുകളിൽ വഹാബി പ്രചാരണത്തിന് നേതൃത്വം നൽകുന്നത് ഫരീദ് ദിൻ ഉമറാണെന്ന് തിരിച്ചറിഞ്ഞതോടെ ഇയാളെ 2003ൽ സ്ഥലം മാറ്റിയിരുന്നു. സഊദിയിൽ നിന്ന് മതപഠനം നടത്തിയ വാരിദിന് പഠനവും പ്രോത്സാഹനവും നൽകുന്നത് സഊദി വഹാബികളാണ്. 2006ൽ നടത്തിയ റെയിഡിൽ ഇയാളുടെ വീട്ടിൽ നിന്ന് അത്യാധുനികമായ 22 കാലിബർ റൈഫിളുകളും മറ്റു ആയുധങ്ങളും പിടിച്ചെടുത്തിരുന്നു. അതേ തുടർന്ന് ഒരു വർഷം വീട്ടുതടങ്കലിലായിരുന്നു.

അമേരിക്കയിലെ 105 ജയിലുകളിലുള്ള മുസ്‌ലിം തടവുപുള്ളികളെക്കുറിച്ച് വിശദമായൊരു പഠനം തയാറാക്കുകയുണ്ടായി; 2004ൽ. യുഎസ് ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് നിയോഗിച്ച സെനറ്റർമാരായ ജോൺ

ബ്രിട്ടനിലെ പ്രശസ്തമായ ചാനൽ 4 മുസ്‌ലിം തടവുകാരെക്കുറിച്ച് സമഗ്രമായൊരു ഡോക്യുമെന്ററി തയാറാക്കിയിട്ടുണ്ട്. From Jail to Jihad എന്ന ടൈറ്റിലിൽ സംപ്രേഷണം ചെയ്ത ആ പ്രോഗ്രാമിൽ റാഡിക്കൽ ഇസ്‌ലാമിന്റെ ഭീകരതയെ നന്നായി അടയാളപ്പെടുത്തുന്നുണ്ട്. അമേരിക്കൻ ഭരണകൂടം സഊദി വഹാബികളോട് അനുനയസമീപനം കൈക്കൊള്ളുമ്പോൾ ബ്രിട്ടൺ വഹാബി തീവ്രവാദികളെ ശക്തമായി നേരിടുന്നുവെന്നാണ് ഡോക്യുമെന്ററി വെളിപ്പെടുത്തുന്നത്.

കെയിൽ, ചാൾസ് സ്കമർ എന്നവരുടെ നേതൃത്വത്തിൽ സമർപിച്ച ഈ പഠനത്തിൽ ജയിലുകളിലെ വഹാബി ആധിപത്യത്തെക്കുറിച്ച് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണുള്ളത്.

വഹാബിസം തടവറകളിൽ സൃഷ്ടിക്കുന്ന സംഘർഷങ്ങളെയും അസ്വസ്ഥതകളെയും കൃത്യമായി വിലയിരുത്തുന്ന ഈ റിവ്യൂവിൽ അമേരിക്കൻ ഭരണകൂടം അവരോട് സ്വീകരിക്കുന്ന മൃദുനിലപാടിനെക്കുറിച്ച് സൂചനകളുണ്ട്. റിവ്യൂവിൽ ഒരിടത്ത് പറയുന്നു. "FBI Counter terrorism officials told us that vahabism is not inherently violent or terroristic.'' സഊദിയും അമേരിക്കയും തമ്മിൽ നിലനിൽക്കുന്ന അവിഹിത ബാന്ധവത്തിന് ഇതിൽപരം തെളിവുകളെന്തിന്? വഹാബീ നുഴഞ്ഞുകയറ്റത്തെക്കുറിച്ച് 9/11 അനന്തരം ശക്തമായ തെളിവുകൾ ലഭിച്ചിട്ടും അമേരിക്കൻ ഔദ്യോഗിക ഏജൻസി വഹാബികൾക്കു നേരെ കണ്ണടയ്ക്കുന്നത് സഊദിയെ തൃപ്തിപ്പെടുത്താൻ തന്നെയാണ്.

Islamic Pluralism പ്രസിദ്ധീകരിച്ച ഈ റിപ്പോർട്ടിന്റെ അവസാനത്തിൽ ബ്രിട്ടീഷ് ജയിലിലേക്കുള്ള വഹാബി നുഴഞ്ഞുകയറ്റത്തെക്കുറിച്ചുള്ള അന്വേഷണവും അനുബന്ധമായി ചേർത്തിട്ടുണ്ട്. ബ്രിട്ടനിലെ മൊത്തം ജനസംഖ്യയുടെ 2.5 ശതമാനം മാത്രമാണ് മുസ്‌ലിംകൾ. എന്നാൽ ജയിൽ പുള്ളികളിൽ 11 ശതമാനം മുസ്‌ലിംകളാണത്രെ.

ബ്രിട്ടനിലെ പ്രശസ്തമായ ചാനൽ 4 മുസ്‌ലിം തടവുകാരെക്കുറിച്ച് സമഗ്രമായൊരു ഡോക്യുമെന്ററി തയാറാക്കിയിട്ടുണ്ട്. From Jail to Jihad എന്ന ടൈറ്റിലിൽ സംപ്രേഷണം ചെയ്ത ആ പ്രോഗ്രാമിൽ റാഡിക്കൽ ഇസ്‌ലാമിന്റെ ഭീകരതയെ നന്നായി അടയാളപ്പെടുത്തുന്നുണ്ട്. പാകിസ്ഥാൻ, സഊദി അറേബ്യ എന്നീ രാജ്യങ്ങളിൽ ധാരാളം ബ്രിട്ടീഷ് പൗരന്മാർ ജോലിചെയ്യുന്നതിനാൽ വഹാബികൾക്ക് നുഴഞ്ഞുകയറാനുള്ള അവസരം താരതമ്യേന സുഗമമാണ് ബ്രിട്ടനിലെന്ന് പഠനം നിരീക്ഷിക്കുന്നു. എന്നാൽ അമേരിക്കൻ ഭരണകൂടം സഊദി വഹാബികളോട് അനുനയസമീപനം കൈക്കൊള്ളുമ്പോൾ ബ്രിട്ടൺ വഹാബി തീവ്രവാദികളെ ശക്തമായി നേരിടുന്നുവെന്നാണ് ഡോക്യുമെന്ററി വെളിപ്പെടുത്തുന്നത്. ●


‘ശർഹെ മുബാറക്’

# വിമർശനങ്ങൾക്കു മറുപടി

# ഒ.എം. തരുവണ

തിരുശേഷിപ്പുകൾ സംബന്ധിച്ച വിവാദത്തിന് എഴുതിയ തുടർലേഖനങ്ങളുടെ പുസ്തകാവിഷ്കാരം. തിരുത്തലുകളും പുതിയ കൂട്ടിച്ചേർക്കലുകളും. നൂറോളം പേജുകൾ. പണ്ഡിതന്മാർക്കുവേണ്ടി പ്രധാനപ്പെട്ട അറബി ടെക്സ്റ്റുകളുടെ 23പേജ് അനുബന്ധം.

സംഘടനാ യൂണിറ്റുകൾക്ക് സൗജന്യനിരക്കിൽ!

വില: 50രൂപ

വിതരണം: എസ്.വൈ.എസ്. ബുക്സ്റ്റാൾ, കോഴിക്കോട്. ഫോൺ: 0495-2723354
ക്രസന്റ് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്. ഫോൺ: 0495-2721480

**ഇപ്പോൾ തപാൽ ചാർജ് സൗജന്യം.** MO/DD അയക്കുക, ചെക്ക് സ്വീകാര്യമല്ല.

## അഹ്‌ലുസ്സുന്നഃ പബ്ലിക്കേഷൻസ്

**കാഞ്ചാസ് ബിൽഡിംഗ്, രാജാജി റോഡ്, കോഴിക്കോട്- 673 004**
**Tel: 0495-2721480, Mob: 984 77 55 459, 9400 501168**